കേൾക്കേണ്ട ശബ്ദം:

എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും മുതിർന്ന നേതാക്കൾ തമ്മിൽ സുഹൃദ് ബന്ധമാണുള്ളതെന്ന് പരസ്യമായ രഹസ്യമാണ്. അണികൾക്കിടയിൽ സ്ഥിതി അതല്ല. പ്രവർത്തകർക്കിടയിൽ സ്പർധ നിലനിർത്താൻ മസ്തിഷ്കപ്രക്ഷാളനം നടക്കുന്നുണ്ടെന്ന് വേണം കരുതാൻ.

– കേരള ഹൈക്കോടതി

മക്തബ്
1193 കുംഭം 24 1439 ജ. ആഖിർ 20

എല്ലാ ഫാസിസ്റ്റുകളും തിരിച്ചറിയേണ്ടത്

ഫാസിസത്തിന് ലോകത്തെമ്പാടും ഒറ്റ ഭാഷയേയുള്ളൂ. അത് എതിരഭിപ്രായങ്ങളെ അടിച്ചൊതുക്കുന്നതാണ്. എന്നാൽ ഫാസിസത്തിന് എല്ലാ കാലത്തും അങ്ങനെ നിലനിൽക്കാനാവില്ല. ഫാസിസ്റ്റുകൾക്ക് കാലത്തിന് മുന്നിൽ മുട്ടുകുത്തി നിന്ന് മാപ്പിരക്കേണ്ടിവരും. ഫാസിസത്തിന്റെ ഭീകരമുഖമായിരുന്ന ഹിറ്റ്ലറുടെ അന്ത്യം എങ്ങനെയായിരുന്നുവെന്നത് ചരിത്രം.

ഒരു തിരഞ്ഞെടുപ്പ് വിജയത്തിന്റെ പേരിൽ ത്രിപുരയിൽ ബി.ജെ.പിയും സഖ്യശക്തികളും ചേർന്ന് നടപ്പിലാക്കുന്ന ഫാസിസ്റ്റ് തേർവാഴ്ചയ്ക്കും കാലം നാളെ കണക്ക് പറയിക്കുമെന്ന് ഓർമ്മയുണ്ടാകണം. പാർലമെന്ററി ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പ് വിജയവും പരാജയവും ഒക്കെ സ്വാഭാവിക പ്രക്രിയയാണ്. എന്നാൽ പരാജയപ്പെട്ടവരെ അടിച്ചൊതുക്കുന്നതിന് എന്ത് ന്യായീകരണമാണുള്ളത്. എങ്കിൽ എന്തിനായിരുന്നു തിരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പ് വിജയമെന്നതിന്റെ അർത്ഥം കൂടുതൽ ഉത്തരവാദിത്ത ബോധമുണ്ടാകുക എന്നതാണ്. എന്നാൽ തിരഞ്ഞെടുപ്പിൽ നേടിയ വൻ വിജയം ബി.ജെ.പിയെ മദോൻമത്തരായി മാറ്റിയിരിക്കുകയാണ്. അപകടകരമാണീ പോക്ക്.

ത്രിപുരയിൽ സി.പി.എമ്മിന്റെ ജനപിന്തുണയിൽ ഇടിവ് സംഭവിച്ചുവെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ സി.പി.എം പൂർണ്ണമായും തകർന്നിട്ടില്ല. ഈ ജനകീയ അടിത്തറയിലൂടെ സി.പി.എമ്മിന് ഫാസിസ്റ്റ് അക്രമങ്ങളെ പ്രതിരോധിക്കാനും കഴിയും.

ഈ തിരഞ്ഞെടുപ്പിൽ സി.പി.എം ഉയർത്തിയ പ്രധാന മുദ്രാവാക്യം ത്രിപുരയിൽ ശാന്തിയും സമാധാനവും സൃഷ്ടിക്കുമെന്നതായിരുന്നു. തിരഞ്ഞെടുപ്പ് വാഗ്ദാനത്തിന് അപ്പുറം എത്ര മാത്രം ആത്മാർത്ഥതയോടെയാണ് സി.പി.എം ഈ മുദ്രാവാക്യം മുന്നോട്ടുവച്ചത് എന്ന് സംശയിക്കാവുന്നതാണ്. കാരണം ശാന്തിയുടെയും സമാധാനത്തിന്റെയും വഴിയിലൂടെ സഞ്ചരിച്ച പാരമ്പര്യം ത്രിപുരയിലോ, പശ്ചിമ ബംഗാളിലോ, കേരളത്തിലോ ആ പാർട്ടിക്കില്ല. പക്ഷെ, സി.പി.എം ത്രിപുരയിൽ ഉയർത്തിയ മുദ്രാവാക്യത്തിന്റെ പ്രസക്തി അവിടത്തെ ജനങ്ങൾക്ക് തിരിച്ചറിയാൻ കഴിയുന്ന സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. കാരണം അധികാരത്തിലേറും മുമ്പ് ത്രിപുരയെ കുരുതിക്കളമാക്കുന്ന നടപടിയാണ് ബി.ജെ.പി സ്വീകരിക്കുന്നത് എന്നത് തന്നെ.

ത്രിപുരയ്ക്ക് സമാനമായ സ്ഥിതിവിശേഷം പശ്ചിമബംഗാളിൽ സി.പി.എം നേരിട്ടിരുന്നു. ഇപ്പോഴും നേരിട്ടുകൊണ്ടിരിക്കുന്നുമുണ്ട്. എന്നാൽ ത്രിപുരയിൽ നിന്ന് വ്യത്യസ്തമായൊരു സാഹചര്യം പശ്ചിമ ബംഗാളിലുണ്ടായിരുന്നു. 35 വർഷത്തെ ഭരണം കൊണ്ട് പശ്ചിമബംഗാളിൽ സി.പി.എമ്മിന്റെ നിയന്ത്രണം മാഫിയകളുടെ കൈകളിൽ എത്തപ്പെട്ടിരുന്നു. റിയൽ എസ്റ്റേറ്റ് ബിസിനസുകൾ ഉൾപ്പെടെയുള്ള മാഫിയകൾ സാധാരണ ജനങ്ങളെ അടിച്ച് ഒതുക്കുകയായിരുന്നു. അതിനോടുള്ള പ്രതികരണമായിരുന്നു സി.പി.എമ്മിന് എതിരായ വിധിയെഴുത്ത്. അതോടെ മാഫിയകൾ മുഴുവൻ ഭരണകക്ഷിയായ തൃണമൂൽ കോൺഗ്രസിന്റെ പിറകിൽ അണിനിരന്നു. സി.പി.എം ഭരണകാലത്ത് ഭരണകക്ഷിക്കുവേണ്ടി നടത്തിയ ദല്ലാൾ പണി ഈ മാഫിയകൾ ഇന്ന് തൃണമൂൽ കോൺഗ്രസിനുവേണ്ടി നടത്തുകയാണ്. അതുകൊണ്ട് ബഹുഭൂരിപക്ഷം പാർട്ടി ഓഫീസുകൾ പോലും തുറക്കാനാവാത്ത സ്ഥിതിയിലാണ് പശ്ചിമബംഗാളിലെ സി.പി.എം. ഇതൊരു വലിയ ചരിത്രപാഠമാണ്. പ്രത്യേകിച്ച് സി.പി.എം തിരിച്ചറിയേണ്ടുന്ന ചരിത്രപാഠം. അധികം വൈകാതെ തൃണമൂൽ കോൺഗ്രസിനെയും കാത്തിരിക്കുന്നത് ചരിത്രത്തിന്റെ തിരിച്ചടി തന്നെയാകും എന്ന കാര്യത്തിൽ സംശയം വേണ്ട. കൊടുത്താൽ കൊല്ലത്തും കിട്ടുമെന്നാണല്ലോ പ്രമാണം.

അതുകൊണ്ട് ഫാസിസ്റ്റായ പ്രവർത്തനരീതി കൈയൊഴിക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകണം. ത്രിപുരയിലെ ഇപ്പോഴത്തെ സംഭവവികാസങ്ങൾ ജനാധിപത്യവാദികളെ സംബന്ധിച്ച് അങ്ങേയറ്റം ആശങ്ക ഉയർത്തുന്നുണ്ട്. കാരണം കൂട്ടക്കുരുതിയിലേക്ക് നയിക്കാവുന്ന തലത്തിലേക്ക് കാര്യങ്ങൾ മാറുകയാണ്. അങ്ങനെ സംഭവിച്ചാൽ പോലും അതൊന്നും മനസിൽ തട്ടാത്ത രീതിയിലേക്ക് രാഷ്ട്രീയ പാർട്ടികൾ മനുഷ്യ മനസിനെ പരുവപ്പെടുത്തി കഴിഞ്ഞുവെന്നതാണ് യാഥാർഥ്യം. ജനാധിപത്യ നിഷേധങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ അവകാശമാണെന്ന് കരുതുന്ന അനുയായി വൃന്ദങ്ങളെയാണ് വളർത്തിയെടുക്കുന്നത്. ഷുഹൈബ് വധത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂരിന്റെ പല ഭാഗങ്ങളിലും പ്രത്യക്ഷപ്പെട്ട ഫ്ളക്സ് ബോർഡുകൾ കൊലയുടെ രുചി നുണയുന്ന അനുയായി വൃന്ദങ്ങളെയാണ് അടയാളപ്പെടുത്തിയത്. ഞങ്ങളുടെ ആൾക്കാർ കൊല്ലപ്പെടുമ്പോൾ എന്തേ അതിന് എതിരേ വലതുപക്ഷ മാധ്യമങ്ങൾ ശക്തമായി പ്രതികരിക്കാത്തത് എന്നായിരുന്നു ചോദ്യം. ഓരോ കൊലകൾക്കും കക്ഷിരാഷ്ട്രീയം കണ്ടെത്തുന്ന ന്യായീകരണങ്ങൾ ഇവ്വിധമാണ്. ഗ്രാമങ്ങളെ ചെങ്കോട്ടയും പച്ചക്കോട്ടയും കാവിക്കോട്ടയും ഒക്കെയാക്കി മാറ്റുന്ന ഫ്യൂഡൽ രാഷ്ട്രീയം ബഹുസ്വരത അംഗീകരിക്കുന്നതല്ല. മാറേണ്ടത് ഈ ബോധമാണ്. പൊളിക്കേണ്ടത് കോട്ടകളാണ്. കാരണം അവ പുരാവസ്തുക്കളാണ്. എതിർ അഭിപ്രായങ്ങൾക്ക് കാതുകൊടുക്കുന്ന ജനാധിപത്യത്തിന്റെ തുറസ് വീണ്ടെടുക്കാൻ ത്രിപുരയിലെ ഭയാനക സംഭവങ്ങൾ സമൂഹത്തോട് ആവശ്യപ്പെടുന്നുണ്ട്.

ഉദയഗിരി പി.എച്ച്.സി ഒ.പി കെട്ടിടം മന്ത്രി കെ.കെ.ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു

ഉദയഗിരി പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി മന്ത്രിയുടെ പ്രഖ്യാപനം

ആലക്കോട്: ഉദയഗിരി പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ പ്രസ്താവിച്ചു. ഉദയഗിരി പഞ്ചായത്ത് ലോക ബാങ്ക് സഹായത്തോടെ 80 ലക്ഷം രൂപ ചെലവിൽ ഉദയഗിരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് വേണ്ടി നിർമ്മിച്ച ഒ.പി കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ടാണ് ഉദയഗിരി മേഖലയുടെ ആരോഗ്യ സംരക്ഷണ രംഗത്ത് ഏറെ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന പ്രഖ്യാപനം മന്ത്രി നടത്തിയത്. കുടുംബാരോഗ്യ കേന്ദ്രമായി പി.എച്ച്.സിയെ ഉയർത്തിയത് പാവപ്പെട്ടവർക്ക് ഏറെ സഹായകരമാകും. മന്ത്രിയുടെ പ്രഖ്യാപനം നിറഞ്ഞ കൈയടികളോടെയാണ് ജനങ്ങൾ വരവേറ്റത്. കെ.സി.ജോസഫ് എം.എൽ.എ അധ്യക്ഷത വഹിച്ചു. ഡോ.കെ.നാരായണ നായ്ക്, ജോസ് പറയൻകുഴി, ബീന സുരേഷ്, സരിത മാത്യു, തോമസ് വെക്കത്താനം, ഡോ. കെ.വി.ലതീഷ്, മാനുവൽ വടക്കേമുറി, ഡെയ്സി ചെറിയാൻ, ബെന്നി പീടികയ്ക്കൽ, പി.വി.ബാബുരാജ്, എൻ.എം.രാജു, ഇ.എം.നാസർ, ജോസഫ് പാലാക്കാവുങ്കൽ പ്രസംഗിച്ചു. കെട്ടിട നിർമ്മാണത്തിന് സ്ഥലം സൗജന്യമായി നൽകിയ കുടുംബാംഗമായ ആന്റണി നരിമറ്റത്തിനെ ആദരിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു സ്വാഗതവും ഡോ.ഇ.സി.കെ.രമേശൻ നന്ദിയും പറഞ്ഞു.

പി. മുകുന്ദനുള്ള യാത്രയയപ്പ് സമ്മേളനം കൊളച്ചേരിമുക്ക് ബാങ്ക് ഹാളിൽ പി.കെ. ശ്രീമതി എം.പി. ഉദ്ഘാടനം ചെയ്യുന്നു.

യാത്രയയപ്പ് നൽകി

മയ്യിൽ: മുല്ലക്കൊടി കോ-ഓപ്പ് റൂറൽ ബാങ്കിൽ 33 വർഷത്തെ സേവനത്തിന് ശേഷം പിരിഞ്ഞുപോകുന്ന പി. മുകുന്ദനുള്ള യാത്രയയപ്പ് സമ്മേളനം പി.കെ. ശ്രീമതി എം.പി. ഉദ്ഘാടനം ചെയ്തു. പി. ജയരാജൻ ഉപഹാരം നൽകി. ബാങ്ക് പ്രസിഡണ്ട് കെ. ചന്ദ്രൻ അധ്യക്ഷനായി. ടി.കെ. ഗോവിന്ദൻ, ബിജു കണ്ടക്കൈ, പി. ബാലൻ, കെ.എം. പി. സറീന, എൻ. പത്മനാഭൻ, കെ. ശ്യാമള, ശശിധരൻ കാട്ടൂർ, പി.വി. ചന്ദ്രൻ സംസാരിച്ചു. പി. മുകുന്ദൻ മറുപടി ഭാഷണം നടത്തി. ബാങ്ക് വൈസ് പ്രസിഡണ്ട് എൻ. അശോകൻ സ്വാഗതവും ബാങ്ക് അസിസ്റ്റന്റ് സെക്രട്ടറി ടി.വി. വൽസൻ നന്ദിയും പറഞ്ഞു. തുടർന്ന് കേരളാ ബാങ്ക്- സഹകരണ രംഗത്തെ പുത്തൻ കാൽവെപ്പ് എന്ന വിഷയത്തിൽ സെമിനാർ എം.കെ. ദിനേശ്ബാബു അവതരിപ്പിച്ചു.

ക്ഷേമനിധി ആനുകൂല്യങ്ങൾ ഇരട്ടിയാക്കണം

പയ്യന്നൂർ: ക്ഷേമനിധി ആനുകൂല്യങ്ങൾ ഇരട്ടിയാക്കണമെന്ന് ആൾ കേരളാ ടൈയ്‌ലേർസ് അസോസിയേഷൻ (എ.കെ.ടി.എ) മാങ്ങാട് ഏരിയാ കൺവെൻഷൻ സർക്കാരിനോട് ആവശ്യപ്പെട്ടു. സ്ഥാപക നേതാവ് ഇ.പി. കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗം എം. പത്മനാഭൻ സംസാരിച്ചു. സെക്രട്ടറി പി. മോഹനൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ വാടി പത്മിനി വരവ് ചിലവ് കണക്ക് അവതരിപ്പിച്ചു. ഒ.ടി. കുഞ്ഞിരാമൻ സ്വാഗതം പറഞ്ഞു. പ്രസിഡണ്ട് കെ.വി. നാരായണൻ അധ്യക്ഷനായി. എം. ദാമോദരൻ നന്ദിയും പറഞ്ഞു.

പട്ടികവർഗ യുവാക്കൾക്ക് ഫുട്ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിച്ചു

ആലക്കോട്: കുടുംബശ്രീ ജില്ലാമിഷൻ ആഭിമുഖ്യത്തിൽ ആദിവാസി യുവാക്കൾക്കായി തളിപ്പറമ്പ് ബ്ലോക്ക് തല ഫുട്ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. അരങ്ങം ക്ഷേത്ര മൈതാനിയിൽ നടന്ന ടൂർണ്ണമെന്റ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. ലത ഉദ്ഘാടനം ചെയ്തു. ആലക്കോട് പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് മെമ്പർമാരായ പി.സി. ആയിഷ, ഫ്രാൻസീസ് മ്രാലയിൽ, തളിപ്പറമ്പ് ട്രൈബൽ ഓഫീസർ പി.വി. ഗോപാലകൃഷ്ണൻ പ്രസംഗിച്ചു. പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി എ.എസ്. ബാബുലാൽ സ്വാഗതം പറഞ്ഞു.

ആദിവാസി യുവാക്കൾക്കായി കുടുംബശ്രീ ജില്ലാമിഷൻ സംഘടിപ്പിച്ച ഫുട്ബോൾ ടൂർണ്ണമെന്റ് അരങ്ങത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. ലത ഉദ്ഘാടനം ചെയ്യുന്നു.

ലൈസൻസ് ഫീസ് വർധനവ്; ഫോട്ടോഗ്രാഫർമാർ പ്രതിഷേധിച്ചു

കണ്ണൂർ: ഫോട്ടോ സ്റ്റുഡിയോ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് ഭീമമായി ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചതിനെതിരെ ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി പ്രതിഷേധിച്ചു. ജില്ലാ പ്രസിഡണ്ട് കൃഷ്ണദാസ് മാധവിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന സെക്രട്ടറി ദിലീഷ് കുമാർ, എം.എം. വിനോദ്കുമാർ സംസാരിച്ചു. ജില്ലാ സെക്രട്ടറി ഉണ്ണി കൂവോട് സ്വാഗതവും ജില്ലാ ട്രഷറർ ഷിബുരാജ് നന്ദിയും പറഞ്ഞു.

ഉദ്ഘാടനം: ശ്രീമതി. മോളി മാനുവൽ
XEROX

ആലക്കോട് റിക്രിയേഷൻ ക്ലബ് ഓഫ് ദി ബധിര പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ ഉദ്ഘാടനം ചെയ്യുന്നു.

ബധിര- മൂകരുടെ കൂടിച്ചേരലിനായി ആലക്കോട് റിക്രിയേഷൻ ക്ലബ് ആരംഭിച്ചു

ആലക്കോട്: കേൾവി ശക്തിയും സാംസാര ശേഷിയുമില്ലാത്തവർക്ക് കൂടിചേരുന്നതിനും, പരസ്പരം സംവദിക്കുന്നതിനുമായി ആലക്കോട് കേന്ദ്രമായി ബധിര- മൂക റിക്രിയേഷൻ ക്ലബ് ആരംഭിച്ചു. കണ്ണൂർ ജില്ലാ ബധിര മൂക അസോസിയേഷൻ ആഭിമുഖ്യത്തിൽ ആലക്കോട് ബസ്സ്റ്റാന്റിലെ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലാണ് ക്ലബ് ആരംഭിച്ചത്. പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് സി. മോഹനൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജോസ് പറയൻകുഴി, ആലീസ് ജോസഫ്, പി.സി. ആയിഷ, ഗിരിജാ മണി ടീച്ചർ, ജോസ് അള്ളുംപുറം, ടി.ജി. വിക്രമൻ, ഷിബി സനീഷ്, എൻ.എൻ. പ്രസന്നകുമാർ, പി.എച്ച്. കാസിം, കെ.ടി. ജോസഫ് പ്രസംഗിച്ചു. മനോജ് ചെറുപുഴ ആംഗ്യഭാഷ അവതരിപ്പിച്ചു. കെ.പി. പോൾ സ്വാഗതവും പി.ടി. സനീഷ് നന്ദിയും പറഞ്ഞു.

പൂർവ്വ വിദ്യാർത്ഥി സംഗമം പത്തിന്

തളിപ്പറമ്പ: 1967 മുതൽ 1975 വരെയുള്ള കാലഘട്ടത്തിൽ സർസയ്യിദ് കോളേജിൽ പഠിച്ച വിദ്യാർത്ഥികളുടെ സംഗമം പത്തിന് രാവിലെ പത്ത് മണി മുതൽ വൈകുന്നേരം അഞ്ച് മണി വരെ കണ്ണൂർ ബല്ലാർഡ് റോഡിൽ ഹോട്ടൽ റെയിൻബോ സ്യൂട്ടിൽ നടക്കും. ഫോൺ: 9447005505.

അൽമഖർ മാസാന്ത പണ്ഡിത ദർസ് 10ന്

നാടുകാണി: അൽമഖർ മാസാന്ത പണ്ഡിത ദർസ് 10ന് ദാറുൽ അമാൻ കാമ്പസിൽ നടക്കും. രാവിലെ 10.30ന് അൽമഖർ സെൻട്രൽ ലൈബറിയിൽ നടക്കുന്ന പണ്ഡിത ദർസിന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കേന്ദ്ര മുശാവറ സെക്രട്ടറി പൊൻമള അബ്ദുൾ ഖാദിർ മുസ്‌ലിയാർ നേതൃത്വം നൽകും. വിവരങ്ങൾക്ക്: 0460 2227786

പ്രതിഷേധിച്ചു

പാച്ചേനി: പ്രിയദർശിനി സ്മാരക വായനശാലയിൽ അതിക്രമിച്ച് കയറി കരിഓയിൽ ഒഴിച്ച സംഭവത്തിൽ കോൺഗ്രസ് പരിയാരം മണ്ഡലം കമ്മിറ്റി പ്രതിഷേധിച്ചു. പ്രസിഡണ്ട് വി. ജാനകി അധ്യക്ഷത വഹിച്ചു. ഡി.സി.സി സെക്രട്ടറിമാരായ മനോജ് കൂവേരി, ഇ.ടി. രാജീവൻ, ബ്ലോക്ക് ഭാരവാഹികളായ വി.വി. രാജൻ, പി.വി. രാമചന്ദ്രൻ, പയ്യരട്ട നാരായണൻ, കെ. ഇബ്രാഹിംകുട്ടി, വി.വി.സി. ബാലൻ, പി. രാജീവൻ, ഐ.വി. കുഞ്ഞിരാമൻ സംസാരിച്ചു.

വായനശാലക്ക് നേരെ നടന്ന അക്രമത്തിൽ വായനശാല കമ്മിറ്റി പ്രതിഷേധിച്ചു. പ്രസിഡണ്ട് പി.സി. അഷ്റഫ് അധ്യക്ഷത വഹിച്ചു. സുരേശൻ പാച്ചേനി, പി.വി. കുഞ്ഞിരാമൻ, വി.വി. ബാബു, പി.വി. നാരായണൻ, ഇ. ടി. ഹരീഷ്, പി. രഞ്ജിത്ത്, പി. എം. ഉണ്ണികൃഷ്ണൻ സംസാരിച്ചു.

അനുശോചിച്ചു

കുറുമാത്തൂർ: സി.പി.എം പെരുമ്പ ബ്രാഞ്ച് മെമ്പറായിരുന്ന കെ.പി.മൂസാന്റെ വേർപാടിൽ സർവ്വകക്ഷി അനുശോചന യോഗം ചേർന്നു. കെ.വി.ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കെ.കൃഷ്ണൻ, കെ.സി.സുമിത്രൻ, വാർഡ് മെമ്പർമാരായ എൻ.പി.അബ്ദുൾ റസാഖ്, കെ.പി.മുഹമ്മദ്കുഞ്ഞി, മുസ്ലിംലീഗിലെ അഡ്വ.കെ.പി.മുജീബ്റഹ്മാൻ, ബി.പി.മോഹനൻ, പി.കെ.കുഞ്ഞിരാമൻ, ഇ.പി. ഗോപിനാഥൻ, കെ.പി.സാദിരി, ടി. ഇബ്രാഹിം ഹാജി, നാസർ മൗലവി, അസൈനാർ മാസ്റ്റർ, വി.പ്രേമരാജൻ മാസ്റ്റർ സംസാരിച്ചു.

പുരസ്ക്കാരം നൽകി

തളിപ്പറമ്പ: പ്രശസ്ത വാദ്യ കലാകാരൻ എരമം സുരേഷ്ബാബുമാരാരെ അരങ്ങം മഹാദേവ ക്ഷേത്രത്തിൽ ഈവർഷത്തെ പി.ആർ. രാമവർമ്മരാജ പുരസ്കാരവും ക്ഷേത്ര കലാരത്നം ബഹുമതിയും നൽകി ആദരിച്ചു. അജിത്ത് വർമ്മരാജയുടെ അധ്യക്ഷതയിൽ മലബാർ ദേവസ്വം ബോർഡ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കൊട്ടറ വാസുദേവ് ഉപഹാര സമർപ്പണം നടത്തി.

വാട്ടർ അതോറിറ്റി അദാലത്ത് 19ന്

തളിപ്പറമ്പ: കേരള വാട്ടർ അതോറിറ്റി, തളിപ്പറമ്പ് വാട്ടർ സപ്ലൈ ഡിവിഷന് കീഴിൽ വരുന്ന തളിപ്പറമ്പ്, പയ്യന്നൂർ, ഇരിക്കൂർ എന്നീ സബ് ഡിവിഷൻ ഓഫീസുകളിലെ ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കൾക്ക് തങ്ങളുടെ വെള്ളക്കര കുടിശിക തീർപ്പാക്കുന്നതിന് 19ന് തളിപ്പറമ്പ് ഡിവിഷൻ ഓഫീസിൽ അദാലത്ത് നടത്തും. പരാതികൾ/ അപേക്ഷകൾ 13 വരെ സ്വീകരിക്കും.

പശുവളർത്തൽ പരിശീലന ക്ലാസ് നടത്തി

ശ്രീകണ്ഠപുരം: ചെമ്പേരി വൈസ്മെൻ ക്ലബിന്റെയും ജില്ലാ മൃഗസംരക്ഷണ കേന്ദ്രത്തിന്റെയും നേതൃത്വത്തിൽ പശുവളർത്തൽ പരിശീലന ക്ലാസ് നടത്തി. ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ വൈസ് മെൻ ക്ലബ് പ്രസിഡണ്ട് മാർട്ടിൻ കോട്ടയിൽ ഉദ്ഘാടനം ചെയ്തു. ബെന്നി സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. കണ്ണൂർ മൃഗസംരക്ഷണ കേന്ദ്രം പ്രിൻസിപ്പൾ ട്രെയിനിംഗ് ഓഫീസർ പി. മുഹമ്മദ്, കെ. സുനിൽ, പീറ്റർ കണ്ടെത്തിൽ എന്നിവർ സംസാരിച്ചു. കണ്ണൂർ എസ്.എൻ.ബി.പി. അസിസ്റ്റന്റ് ഡയറക്ടർ വി. പ്രശാന്ത് പരിശീലന ക്ലാസിന് നേതൃത്വം നൽകി.



കാർത്തികപുരം ഓട്ടോസ്റ്റാന്റിൽ സ്ഥാപിച്ച കലാഭവൻ മണിയുടെ കട്ടൗട്ട്.

കലാഭവൻ മണിയെ മറക്കാതെയൊരു ഓട്ടോസ്റ്റാന്റ് മലയോരത്ത്

ആലക്കോട്: ചാലക്കുടി ചന്തയിലെ ഓട്ടോ സ്റ്റാന്റിലെ ഓട്ടോ ഡ്രൈവറിൽ നിന്ന് മലയാള സിനിമയിലെ അവിഭാജ്യ ഘടകമായി മാറി അകാലത്തിൽ കാലയവനികയിൽ മറഞ്ഞ കലാഭവൻ മണിയെ മറക്കാതെ മലയോരത്തൊരു ഓട്ടോസ്റ്റാന്റ്. കാർത്തികപുരം ടൗണിലെ ഓട്ടോസ്റ്റാന്റിലാണ് തെന്നിന്ത്യൻ സിനിമയിലെ ചിരിയുടെ തമ്പുരാനായിരുന്ന കലാഭവൻ മണി നിറഞ്ഞ് നിൽക്കുന്നത്. ഓട്ടോസ്റ്റാന്റിന്റെ ഹൃദയഭാഗത്തായി മണിയുടെ കൂറ്റൻ കട്ടൗട്ട് സ്ഥാപിച്ച് കൊണ്ടാണ് ആ അനശ്വര നടനോടുള്ള സ്നേഹം ഇവിടെ പ്രകടിപ്പിച്ചിരിക്കുന്നത്. മണിയോടുള്ള ഇഷ്ടമാണ് ഓട്ടോ ഡ്രൈവർമാരുടെ നേതൃത്വത്തിൽ ഇത്തരമൊരു കട്ടൗട്ട് സ്ഥാപിക്കുന്നതിന് പ്രചോദനമായത്. മണിമേളം കലാവേദി എന്ന പേരിൽ കലാഭവൻ മണിയുടെ സ്മാരകമായി ആരംഭിച്ച കലാസംഘടനയും കാർത്തികപുരം ടൗണിൽ പ്രവർത്തിക്കുന്നുണ്ട്. 2016 മാർച്ച് ആറിനാണ് മലയാള സിനിമ ലോകത്തെ കണ്ണീരിലാഴ്ത്തി മണി മരിച്ചത്. കലാഭവൻ മണിയുടെ രണ്ടാം ചരമ വാർഷികത്തോടനുബന്ധിച്ച് വിപുലമായ അനുസ്മരണ സമ്മേളനവും പ്രമുഖ കലാകാരൻമാർ അണിനിരക്കുന്ന ഹാസ്യ വിരുന്നും മണിമേളം കലാവേദി നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്നു.

IMA KANNUR
Sangeetha Sa

സേവനദീപം പുരസ്കാരം കെ.പി. ജയപാലൻ മാസ്റ്റർ ഏറ്റുവാങ്ങുന്നു

സേവനദീപം പുരസ്കാരം കെ.പി. ജയപാലൻ മാസ്റ്റർക്ക്

കണ്ണൂർ: കണ്ണൂർ സംഗീതസഭയുടെ 2017ലെ സേവനദീപം പുരസ്കാരം ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും പരിയാരം മെഡിക്കൽ കോളേജ് ഡയറക്ടറുമായ കെ.പി. ജയപാലൻ മാസ്റ്റർക്ക് ഇൻകംടാക്സ് അസിസ്റ്റന്റ് കമ്മീഷണർ കെ. സദാനന്ദൻ കൈമാറി. ഐ.എം.എ. ഹാളിൽ പ്രസിഡണ്ട് കെ. പ്രമോദിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡണ്ട് വനജ ലക്ഷ്മണൻ, സെക്രട്ടറി ഒ.എൻ. രമേശൻ സംസാരിച്ചു. തുടർന്ന് സംഗീത പരിപാടിയും അരങ്ങേറി.

വയോജനങ്ങൾക്കുള്ള സൗജന്യ കട്ടിൽ വിതരണം ഉദയഗിരി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് സിജോ ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

വയോജനങ്ങൾക്ക് പഞ്ചായത്ത് വകയായി കട്ടിലുകൾ നൽകി

ആലക്കോട്: ഉദയഗിരി പഞ്ചായത്ത് ആഭിമുഖ്യത്തിൽ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വയോജനങ്ങൾക്ക് സൗജന്യമായി കട്ടിലുകൾ നൽകി. പഞ്ചായത്തിലെ 133 ഗുണഭോക്താക്കൾക്കാണ് കട്ടിലുകൾ വിതരണം ചെയ്തത്. വൈസ് പ്രസിഡണ്ട് സിജോ ജോർജ് തുണ്ടിയിൽ ഉദ്ഘാടനം നിർവഹിച്ചു. തോമസ് വെക്കത്താനം അധ്യക്ഷത വഹിച്ചു. ജോസഫ് വട്ടക്കൊട്ടയിൽ, മാനുവൽ വടക്കേമുറി, തങ്കമ്മ ദാമോദരൻ, പ്രീത പ്രകാശ്, സി.കെ. പങ്കജാക്ഷൻ, എ.ആർ. പ്രദീപ്, മുഹമ്മദ് ബഷീർ പ്രസംഗിച്ചു.

കോറളായി തുരുത്തിയിൽ ബൈത്തുറഹ്മയുടെ കട്ടിലവെക്കൽ കർമ്മം സഫ്‌വാൻ മുത്തുക്കോയ തങ്ങൾ നിർവഹിക്കുന്നു

ബൈത്തുറഹ്മ കട്ടില വെക്കൽ കർമ്മം

മയ്യിൽ: കോറളായി തുരുത്തിയൽ ബൈത്തുറഹ്മയുടെ കട്ടിലവെക്കൽ കർമ്മം സഫ്‌വാൻ മുത്തുക്കോയ തങ്ങൾ ഏഴിമല നിർവഹിച്ചു. ടി.വി.അസൈനാർ മാസ്റ്റർ അധ്യക്ഷത വഹിച്ചു. തളിപ്പറമ്പ നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ്, ജില്ലാ മുസ്ലിംലീഗ് സെക്രട്ടറി ഇബ്രാഹിംകുട്ടി തിരുവട്ടൂർ, എം.പി.എ.റഹീം, സി.പി.വി.അബ്ദുള്ള, സി. മൊയ്തീൻ, കുഞ്ഞഹമ്മദ്കുട്ടി, അബ്ദുള്ള നമ്പ്രം, പി.പി.മുഹമ്മദ് പ്രസംഗിച്ചു. യു.പി.അബ്ദുൾമജീദ് സ്വാഗതം പറഞ്ഞു.